മൃഗശാലയുടെ വികസനം

19 (1999) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മൃഗശാലകളുടെ വികസനത്തിനും സംരക്ഷണത്തിനുമായി 1991 മുതൽ 1999 വരെ കേന്ദ്രസർക്കാരിൽ നിന്നും എന്തു തുക ലഭ്യമായിട്ടുണ്ട് ;

(ബി) ഈ തുക ഉപയോഗിച്ച് തിരുവനന്തപുരം, തൃശ്ശൂർ, മൃഗശാലകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(സി) തിരുവനന്തപുരം മൃഗശാലയുടെയും തൃശ്ശൂർ മൃഗശാലയുടെയും വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് ;

(ഡി) 1991 മുതൽ 1995 വരെ ഓരോവർഷവും കേരളത്തിലെ മൃഗശാലയിലേയ്ക്ക് ഏതെല്ലാം മൃഗങ്ങളെയും പക്ഷികളെയും കൊണ്ടുവന്നിട്ടുണ്ട് ;

(ഇ) ഇണയില്ലാത്ത മൃഗങ്ങൾക്ക് ഇണ ഉണ്ടാക്കിക്കൊടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയുടെ വികസനത്തിനും സംരക്ഷണത്തിനുമായി 1991 മുതൽ 1999 വരെ സെൻട്രൽ സൂ അതോറിറ്റിയിൽ നിന്നും 42.68 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക തിരുവനന്തപുരം മൃഗശാലയുടെ വികസനത്തിനായി മൃഗശാലയോട് ചേർന്ന് നന്തൻകോട് ഭാഗത്തുനിന്നും പൊന്നിൻ വിലയ്ക്കെടുത്ത അഞ്ചര ഏക്കർ സ്ഥലത്ത് ചുറ്റുമതിൽ കെട്ടുന്നതിനും മൃഗശാല നവീകരണത്തിന്റെ ഭാഗമായി മൃഗാശുപത്രിയുടെ നവീകരണം, കാണ്ടാമൃഗം, ആന, സാംഗായ്മാൻ എന്നീ മൃഗങ്ങൾക്ക് ആധുനിക രീതിയിലുള്ള പാർപ്പിട നിർമ്മാണം എന്നിവയ്ക്കായി ഉപയോഗിച്ചുവരുന്നു.

(സി) തിരുവനന്തപുരം മൃഗശാല ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഘട്ടംഘട്ടമായി നവീകരിച്ചു വികസിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

(1) മൃഗാശുപത്രി ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ച് വികസിപ്പിക്കുക.

(2) ആന, കാണ്ടാമൃഗം, സാംഗായ്മാൻ, ഹിപ്പോ, സിംഹവാലൻ കുരങ്ങ് എന്നീ മൃഗങ്ങൾക്ക് നവീന രീതിയിലുള്ള മൃഗക്കൂടുകൾ പണിയുക.

(3) മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള എൻട്രി-എക്സിറ്റ്ഗേറ്റിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

(4) മൃഗശാലയ്ക്കകത്തുള്ള കുളം ജലപക്ഷികളെ പാർപ്പിക്കുവാൻ വേണ്ടി സജ്ജമാക്കുക.

(5) പൊന്നിൻ വിലയ്ക്കെടുത്ത പ്രദേശത്ത് റോഡുകളുടെ നിർമ്മാണം.

(6) മൃഗാശുപത്രിയിൽ ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയവ.

തൃശ്ശൂർ മൃഗശാലയുടെ സ്ഥലപരിമിതിമൂലം കൂടുതൽ വികസനം അസാദ്ധ്യമായിരിക്കുകയാണ്. എന്നിരുന്നാലും നിലവിലുള്ള സ്ഥലസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(1) പക്ഷിക്കൂടുകളുടെ നവീകരണം.

(2) കാട്ടുപന്നിക്കൂട്ടിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

(3) പെലിക്കൻ പക്ഷിക്കൂടിന്റെ ആധുനികവത്ക്കരണം.

(4) സിംഹവാലൻ കുരങ്ങുകളുടെ കൂടുകളുടെ നവീകരണം.

(ഡി) 1991 മുതൽ 1995 വരെ തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലേയ്ക്ക് കൊണ്ടുവന്നിട്ടുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും വിവരം അനുബന്ധം യഥാക്രമം 1, 2 ആയി വച്ചിട്ടുണ്ട്†.

(ഇ) ഇന്ത്യയിലെ മറ്റു മൃഗശാലകളുമായും (ഡൽഹി, മൈസൂർ, മദ്രാസ്, ആസാം) സെൻട്രൽ സൂ അതോറിറ്റിയുമായും കത്തിടപാടുകൾ നടത്തിവരുന്നു. നവീനരീതിയിലുള്ള മൃഗക്കൂടുകളുടെ അപര്യാപ്തത കാരണം പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിന് സെൻട്രൽ സൂ അതോറിറ്റി അനുമതി നൽകുന്നില്ല. കൂടുകളുടെ നവീകരണം പൂർത്തിയാക്കുന്നതോടൊപ്പം പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിനും ഇണയില്ലാത്ത മൃഗങ്ങൾക്ക് ഇണകളെ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എറണാകുളത്തെ ഗവൺമെന്റ് പ്രസ്സ്

20 (2000) ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്ത് പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന സർക്കാർ പ്രസ് തൃക്കാക്കരയിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് ഭരണാനുമതി നൽകിയത് എന്നാണ് എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത കെട്ടിടം പണിയുവാൻ ഭരണാനുമതി എസ്.എസ്.റ്റി.എസ് എന്നിവ നല്കിയത് എന്നാണ് എന്നറിയിക്കുമോ ;

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[9-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 19(1999)-ന്റെ 'ഡി' ഉത്തരം ദയവായി കാണുക]

തിരുവനന്തപുരം മൃഗശാലയിൽ 1991 മുതൽ 95 വരെ കൊണ്ടുവന്നിട്ടുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും കണക്ക്

വർഷം	മൃഗങ്ങൾ	എണ്ണം	പക്ഷികൾ	എണ്ണം
1991	കഴുതപ്പുലി	2	വെള്ളമയിൽ	2
1992	കഴുതപ്പുലി	1	ചാരമുണ്ടി	1
	പുള്ളിപ്പുലി	2	അലക്സാണ്ട്രിയൻ തത്ത	1
			ടൈഗർബിറ്റൻ	1
1993	കഴുതപ്പുലി	1	ബീറ്റൺ	1
	നീർനായ്	1		
	പന്നിക്കരടി	2		
	സിംഹവാലൻ കുരങ്ങ്	1		
1994	മരപ്പട്ടി	1	റ്റീൽ	4
	ആഫ്രിക്കൻ കാട്ടുപോത്ത്	2	പെയിന്റ് സ്റ്റോർക്ക്	9
	മിഥുൻ	2		
	സിംഹവാലൻ കുരങ്ങ്	1		
1995	കാണ്ടാമൃഗം	2	റ്റീൽ	2
	നീൽഗായ്	3		
	മണിപുരിമാൻ	2		

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ മൃഗശാലയിൽ 1991 മുതൽ 1995 വരെ കൊണ്ടുവന്നിട്ടുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും കണക്ക്

വർഷം	മൃഗങ്ങൾ	എണ്ണം	പക്ഷികൾ	എണ്ണം
1991	ഉറുമ്പുതീനി	2		
	കൃഷ്ണമൃഗം	2		
	വെരുക്	5		
	കരിംകുരങ്ങ്	1		
	നീലകാള	2		
	മുയൽ	2		
1992	ഉറുമ്പുതീനി	1		
	കഴുത	1		
	കാട്ടുപൂച്ച	2		
	മരപ്പട്ടി	1		
	പുള്ളിപ്പുലി	2		
	നീർക്കുതിര	2		
	കരിംപുലി	1		
	വെള്ളഅണ്ണാൻ	1		
	ബാഡ്ജ് ഹോഗ്	1		
	മൂർഖൻ	1		
	ഉടുമ്പ്	1		
	നക്ഷത്ര ആമ	2		
1993	ഉറുമ്പുതീനി	2	കോഴി കാട	2
	മുള്ളൻപന്നി	1	കുയിൽ	10
	മൂർഖൻ	2		
	മലമ്പാമ്പ്	1		
1994	പന്നിമാൻ	2	മയിൽ	1
	കാട്ടുപന്നി	5	വർണ്ണക്കൊക്ക്	2
	നീലക്കാള	1	മുത്തുതാറാവ്	2
	നീർനായ്	1		
	മൂർഖൻ	2		
	മലമ്പാമ്പ്	1		
	ഉടുമ്പ്	1		
1995	മരപ്പട്ടി	1	മയിൽ	1
	തേവാങ്ക്	1	കൃഷ്ണപരുന്ത്	1
	മൂർഖൻ	2	വെള്ളക്കൊക്ക്	1

LIBRARY ARCHIVES Kerala Legislative Assembly